# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരം

T. 2935 ശ്രീ. എം. ഉമ്മർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീഫ് എഞ്ചിനീയർമാർക്ക് വിവിധ പദ്ധതികളുടെ സാങ്കേതികാനുമതി നൽകാനുള്ള അധികാര പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതു വർദ്ധിപ്പിക്കാനുള്ള സാഹചര്യം വിശദമാക്കുമോ;

(ബി) സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകുന്നതു സംബന്ധിച്ച് 26.10.2004-ൽ ചീഫ് സെക്രട്ടറി വിളിച്ചുകൂട്ടിയ യോഗ തീരുമാനങ്ങളെന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(ഡി) ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ചീഫ് എഞ്ചിനിയേഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി 2011, 2012 വർഷങ്ങളിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട് എന്നറിയിക്കുമോ;

(എഫ്) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ചെയർമാനായ ടെക്നിക്കൽ കമ്മിറ്റി 2011, 2012 വർഷങ്ങളിൽ എത്ര യോഗം ചേർന്നിട്ടുണ്ടെന്നും എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ

2936 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിലെ നിയോജകമണ്ഡലങ്ങളിൽ പൊതുമരാമത്തു വകുപ്പിൽ നിന്ന് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഭരണാനുമതിക്കായി പ്രസ്തുത കാലയളവിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങളും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരവും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>റോഡു പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡം</u>

2937

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു റോഡു പ്രവൃത്തികൾക്ക് നോൺ പ്ലാൻ ഇനത്തിൽ തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) ജില്ലകൾക്ക് അനുവദിക്കുന്ന തുക സെക്ഷൻ ഓഫീസുകൾക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പുതുതായി നിര്‍മ്മിക്കുന്ന റോഡുകള്‍ക്ക് പെര്‍ഫോമന്‍സ് ഗ്യാരന്റി ഏര്‍പ്പെടുത്തുന്ന നടപടി</u>

2938 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിര്‍മ്മിക്കുന്ന റോഡുകള്‍ക്ക് പെര്‍ഫോമന്‍സ് ഗ്യാരന്റി ഏര്‍പ്പെടുത്തുന്നതു പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍, ഇതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിര്‍മ്മാണക്കമ്പനിയും ബന്ധപ്പെട്ട വകുപ്പും സ്വീകരിക്കേണ്ടതെന്നു വിശദമാക്കുമോ;

(സി) പെര്‍ഫോമന്‍സ് ഗ്യാരന്റി ഏര്‍പ്പെടുത്തുന്നതിനായി റോഡുനിര്‍മ്മാണത്തിന്റെ മൂല്യനിര്‍ണ്ണയം നടത്തുന്ന ചുമതല ആരിലാണു നിക്ഷിപ്തമായിരിക്കുന്നതെന്നറിയിക്കുമോ;

(ഡി) ആയതു പരിശോധിക്കുന്നതിനായി ലാബ് സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍, എവിടെയെല്ലാമാണ് പ്രസ്തുത ലാബുകള്‍ പ്രവര്‍ത്തിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>റോഡ് സുരക്ഷാ ഓഡിറ്റ്</u>

2939

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) സംസ്ഥാനത്തെ റോഡുകളിലെ അപകടനിവാരണം, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ഓഡിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ഓഡിറ്റിന്റെ തുടർനടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>റോഡുകളുടെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലങ്ങൾ ഉപയുക്തമാക്കാൻ നടപടി</u>

2940 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ വികസനത്തിനു ശേഷം വശങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിൽ ദീർഘദൂരയാത്രക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത ആവശ്യത്തിലേക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>റോഡുകളിൽ സൗരോർജ്ജ വഴിവിളക്കുകൾ
സ്ഥാപിക്കുവാൻ പദ്ധതി</u>

2941 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യത്തിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നല്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രവൃത്തികൾ</u>

2942 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പ് സംസ്ഥാനത്ത് 1.7.2006 മുതൽ 31.3.2011 വരെ എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; അതിനായി എത്ര രൂപ ചെലവഴിച്ചു;

(സി) നിലവിൽ നബാർഡിന്റെ സഹായത്തോടെ മരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികൾ സംസ്ഥാനത്ത് നടന്നുവരുന്നു; എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രസ്തുത രീതിയിൽ നടന്നുവരുന്നതെന്നറിയിക്കുമോ;

(ഡി) ഈ സർക്കാർ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെ മരാമത്ത് വകുപ്പ് മുഖാന്തിരമുള്ള ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിച്ചു; പദ്ധതിയുടെ പേരും□ അനുവദിച്ച തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ദേശീയപാതയുടെ വികസനം</u>

2943 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ടുള്ള ത്രീഡി സർവ്വെ പൂർത്തിയായിട്ടുണ്ടോ; ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ദേശീയപാത വികസന അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) ദേശീയപാതയിലെ മേൽപാലങ്ങൾക്കായി അധിക സ്ഥലം ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

പാലക്കാട് - തൃശ്ശൂർ ദേശീയപാതയിലെ ഗതാഗതക്കുരുക്ക്

T. 2944

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - തൃശ്ശൂർ ദേശീയപാത ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ടുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് - തൃശ്ശൂർ റൂട്ടിൽ സ്ഥിരമായി ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റോഡിന്റെ അറ്റകുറ്റപണികൾ എന്നേക്കു പൂർത്തിയാക്കാനാകുമെന്നു വ്യക്തമാക്കുമോ;

(ഇ) ദേശീയപാത നാലു വരിയാക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

നോൺപ്ലാൻ വിഭാഗത്തിൽ ടെൻഡർ സേവിംഗ്സ് ഇനത്തിൽ ലഭിച്ച തുക

2945 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് റോഡു പ്രവൃത്തികൾക്ക് നോൺ പ്ലാൻ വിഭാഗത്തിൽ 2012-13-ൽ അനുവദിച്ച തുകയിൽ ടെൻഡർ സേവിംഗ്സ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) ടെൻഡർ സേവിംഗ്സിന്റെ ഭാഗമായി ലഭിച്ചിട്ടുള്ള തുകയ്ക്ക് പ്രവൃത്തി നടത്താൻ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും എന്തു തുകയാണെന്നും മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ

2946 ശ്രീ. എ. കെ. ബാലൻ
,, എസ്. ശർമ്മ
,, പി. റ്റി. എ. റഹീം
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ പ്രതിപക്ഷ എം.എൽ.എ.മാർ നൽകുന്ന നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഇതുവരെ എത്ര കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടുള്ളതിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്;

(ഡി) എത്ര കോടി ചെലവ് പ്രതീക്ഷിക്കുന്ന നിർദ്ദേശങ്ങളാണ് എം.എൽ.എ. മാർ നൽകിയിരുന്നതെന്ന് വിശദമാക്കുമോ;

(ഇ) ഭരണാനുമതി നൽകിയിട്ടുള്ളതിൽ പൂർത്തിയായ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കുമോ; പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(എഫ്) എം.എൽ.എ.മാർ നിർദ്ദേശിച്ച എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) നടപ്പുസാമ്പത്തിക വർഷം എം.എൽ.എ.മാർ നിർദ്ദേശിച്ചിട്ടുള്ളതും എന്നാൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ കാര്യത്തിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

(എച്ച്) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ തുടർനടപടികൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>മൾട്ടിമോഡൽ ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റം</u>

2947 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടി മോഡൽ ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളെയാണ് പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ബസ്സ് ഷെൽട്ടർ നിർമ്മിക്കുവാനുള്ള പദ്ധതി

2948

ശ്രീ. കെ. മുരളീധരൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ബസ്സ് ഷെൽട്ടർ നിർമ്മിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

എല്ലാ നിയോജകമണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് ആരംഭിക്കാനുള്ള പദ്ധതി

2949 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ നിയമസഭാമണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് ആരംഭിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകള്‍ ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത തടസ്സം നീക്കി, പുതിയ ഓഫീസുകള്‍ എത്രയുംപെട്ടെന്ന് ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേക്ക് ഓഫീസ്</u>

2950 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേക്ക് ജില്ലാ ഓഫീസ് ഇല്ലാത്ത കാസർഗോഡ് ജില്ലയിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>ആറ്റിങ്ങൽ കോടതിയുടെ അഡിഷണൽ ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതി</u>

2951

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതിയുടെ ഭാഗമായി അഡിഷണൽ ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു തുകയ്ക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത് ; പ്രസ്തുത പ്രവൃത്തിയുടെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുവാനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

തൃക്കാക്കരയിൽ പൊതുമരാമത്ത് റോഡ് ഡിവിഷന് പുതിയ കെട്ടിടം പണിയുന്നതിന് നടപടി

2952 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിർ പൊതുമരാമത്ത് റോഡ് ഡിവിഷന് പുതിയ കെട്ടിടം പണിയുന്നതിന് അവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

മഞ്ചേരിമണ്ഡലത്തിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും കെട്ടിടം

2953

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സ്വന്തമായി കെട്ടിടമില്ലാത്തവയുടെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് അടിസ്ഥാന സൗകര്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

വിജിലന്‍സ് വിഭാഗത്തിന്റെ പ്രവര്‍ത്തനങ്ങള്‍
കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

2954

ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ വിജിലന്‍സ് വിഭാഗം 2012-ല്‍ ആകെ എത്ര പ്രവൃത്തികള്‍ പരിശോധിച്ച് കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിജിലന്‍സ് വിഭാഗത്തിന്റെ പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കോഴ വാങ്ങുന്നതായ പരാതി സംബന്ധിച്ചുള്ള അന്വേഷണം</u>

2955 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സ്ഥലംമാറ്റത്തിനും കരാറുകാരുടെ ബില്ലുകൾ പാസാക്കുന്നതിനും വൻതോതിൽ കോഴ വാങ്ങുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(സി) ആരെയൊക്കെയാണ് പ്രസ്തുത വിഷയത്തിൽ ബന്ധമുള്ളതായി സംശയിക്കുന്നതെന്നറിയിക്കുമോ;

(ഡി) ഏതെങ്കിലും മന്ത്രിയുടെ സ്റ്റാഫിന് പ്രസ്തുത വിഷയത്തിൽ ബന്ധമുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത വ്യക്തികൾ ഇപ്പോഴും സ്റ്റാഫിൽ തുടരുന്നുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ പുനർവിന്യാസം</u>

2956 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർ വിന്യസിക്കുന്നതു സംബന്ധിച്ച് 27.10.2012 ലെ ജി.ഒ(ആർ.ടി)നം.1814/2012/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് സ്ഥിരമായ പുനർവിന്യാസത്തിനുള്ള ലിസ്റ്റിൽ എത്ര ജീവനക്കാരുണ്ട്; കാറ്റഗറി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരിച്ചു കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് നടപ്പാക്കുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ശ്രീ. എൻ. ബി. രവികുമാറിന് പുനർനിയമനം നൽകുവാൻ നടപടി

2957 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ ക്ലാർക്കായി ജോലി ചെയ്തിരുന്ന ശ്രീ. എൻ. ബി. രവികുമാറിന് പുനർനിയമനം നൽകണമെന്ന പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ 12.7.12 ലെ 29502 ബി2 പി.ഡബ്ല്യൂ.ഡി 2011 നമ്പർ കത്തു പ്രകാരമുള്ള നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്തു വകുപ്പ് സെക്രട്ടറിയുടെ പ്രസ്തുത നിർദേശത്തിന് ശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടായിയെന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി൦ ഒഴിവുണ്ടായിട്ടും ശ്രീ. എൻ.ബി രവികുമാറിന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നിദേശപ്രകാരം പുനർ നിയമനം നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം</u>

T. 2958 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം' ഏർപ്പെടുത്തുന്നതിനായി 2012-13 ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിരുന്നത് എന്നറിയിക്കുമോ ?

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എന്തുതുക ചെലവഴിച്ചു എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ റോഡുകള്‍</u>

2959 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ എത്ര കിലോമീറ്റര്‍ റോഡുകള്‍ ഉണ്ട്;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തില്‍ ഇപ്പോള്‍ സംസ്ഥാനത്ത് മൊത്തം എത്ര കിലോമീറ്റര്‍ റോഡുണ്ട്;

(സി) പ്രസ്തുത റോഡുകളെല്ലാം അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണോ;

(ഡി) സംസ്ഥാനത്തെ റോഡുകളില്‍ അന്താരാഷ്ട്ര നിലവാരത്തിലുള്ളവ എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊത്തം റോഡുകളുടെ എത്ര കിലോമീറ്റര്‍ ഭാഗം ഇനിയും ഗതാഗത യോഗ്യമാക്കാനുണ്ട്; ആയത് മൊത്തം റോഡിന്റെ എത്ര ശതമാനമാണെന്നറിയിക്കുമോ;

(എഫ്) ഈ സര്‍ക്കാരിന്റെ കാലത്ത് പി.ഡബ്ല്യൂ.ഡി പുതുതായി ഏറ്റെടുത്ത റോഡുകള്‍ എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്ത പഞ്ചായത്തു റോഡുകൾ</u>

2960 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര കിലോമീറ്റർ പഞ്ചായത്ത് റോഡുകൾ പി. ഡബ്ല്യൂ. ഡി. റോഡുകളായി ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ; ഭേദഗതിവരുത്തി തയ്യാറാക്കിയ അന്തിമ വിവരങ്ങൾ നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ പി. ഡബ്ല്യു. ഡി. ഏറ്റെടുത്ത റോഡുകളുടെ വിവരങ്ങൾ പഞ്ചായത്തുകൾ തിരിച്ചു നൽകുമോ;

(സി) പ്രസ്തുത ലിസ്റ്റ് പ്രകാരം മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് തുക അനുവദിച്ചുവെന്ന് അറിയിക്കുമോ; പഞ്ചായത്തു തിരിച്ച് റോഡുകളുടെ പേരുകൾ സഹിതം അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വര്‍ക്ക് ഓര്‍ഡര്‍ ലഭിക്കുന്നതിലെ കാലതാമസം</u>

T. 2961 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിര്‍മ്മാണപ്രവൃത്തികള്‍ ടെന്‍ഡര്‍ തുകയേക്കാള്‍ താഴ്ന്ന നിരക്കില്‍ എടുക്കുമ്പോള്‍ വര്‍ക്ക് ഓര്‍ഡര്‍ ലഭിക്കണമെങ്കില്‍ വീണ്ടും ധനകാര്യ വകുപ്പിന്റെയും സി.റ്റി.ഇ.യുടെയും അനുമതി വേണമെന്നുള്ള വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇതുമൂലം താഴ്ന്ന നിരക്കില്‍ ടെന്‍ഡര്‍ എടുത്തവര്‍ക്കുപോലും വര്‍ക്ക് ഓര്‍ഡര്‍ ലഭിക്കുവാന്‍ കാലതാമസം നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ടെന്‍ഡര്‍ എടുത്ത് 60 ദിവസത്തിനകം വര്‍ക്ക് ഓര്‍ഡര്‍ ലഭിച്ചില്ലെങ്കില്‍ കരാറുകാരന് സ്വമേധയാ പിന്മാറാം എന്ന ഉത്തരവ് നിലവിലുണ്ടോ;

(ഡി) നിര്‍മ്മാണപ്രവര്‍ത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത ഉത്തരവ് റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കാൽനടയാത്രയ്ക്കുള്ള സൗകര്യമേർപ്പെടുത്താൻ നടപടി</u>

2962 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകൾ ടാർ ചെയ്യുമ്പോൾ കാൽനടയാത്രക്കാർക്ക് കടന്നുപോകുവാൻ ഇരുവശങ്ങളിലും സ്ഥലംവിടാതെ മുഴുവൻ ഭാഗവും ടാർ ചെയ്ത് ഏറ്റവും അരികിൽ വെള്ളവര നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചാണോ എന്ന് വ്യക്തമാക്കുമോ; ആണെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി മൂലം റോഡ് ടാറിംഗ് ഏറ്റെടുക്കുന്ന കരാറുകാർക്ക് കൂടുതൽ തുക നൽകേണ്ടിവരുമെന്നുള്ളതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റോഡ് ടാർ ചെയ്യുമ്പോൾ കാൽനടയാത്രക്കാർക്ക് ആവശ്യമായ സൗകര്യം ലഭ്യമാക്കാതെ ടാറിംഗിന് അനുമതി നൽകുന്ന ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

നാഷണൽ ഹൈവേകളിൽ ബസ്‌ബേകൾ നിർമ്മിക്കാൻ നടപടി

2963 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നാഷണൽ ഹൈവേകളാണ് ഉള്ളത്; ഓരോന്നിന്റെയും ദൈർഘ്യം വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നാഷണൽ ഹൈവേകളിൽ 'ബസ് ബേ'കൾ നിർമ്മിച്ചിട്ടുണ്ട്;

(സി) 'ബസ് ബേ'കൾ നിർമ്മിച്ചിട്ടില്ലാത്ത നാഷണൽ ഹൈവേകളിൽ അവ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ പ്രധാന ബൈപ്പാസ്സുകളിൽ സബ് വേകൾ നിർമ്മിക്കാൻ നടപടി

2964 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വീതികൂട്ടുന്ന നടപടി പൂർത്തിയാകുമ്പോൾ ആലപ്പുഴ ജില്ലയിൽ കാൽനടയാത്രക്കാർക്കും, ഇരുചക്രവാഹനയാത്ര ക്കാർക്കും ഹൈവേ കുറുകേ കടക്കുന്നതിനു വലിയ ബുദ്ധിമുട്ടുകൾ നേരിടുമെന്നതും, കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുമെന്നതും ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുതബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഹൈവേ വികസനസമിതിയുടെയും കേന്ദ്രസർക്കാരിന്റെയും മുമ്പാകെ സംസ്ഥാനസർക്കാർ സമർപ്പിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുതനിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമായ ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ദേശീയപാത വീതികൂട്ടുമ്പോൾ പ്രധാന ബൈപ്പാസ്സുകളിലെല്ലാം വാഹനങ്ങൾക്കു പോകാവുന്നത്ര സൗകര്യമുള്ള സബ് വേകൾ (അണ്ടർഗ്രൗണ്ട് പാസ്സേജുകൾ) നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ചേർത്തലയിൽ പൊന്നാംവെളി, വയലാർ കവല, ഒറ്റപ്പുന്ന ജംഗ്ഷൻ, റെയിൽവേ സ്റ്റേഷൻ, അർത്തുങ്കൽ ബൈപ്പാസ്, എക്സ്റേ ജംഗ്ഷൻ, 11-ാം മൈൽ എന്നിവിടങ്ങളിൽ സബ് വേകൾ നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഇടപ്പള്ളി-അരൂർ ബൈപ്പാസിൽ ഫ്ളൈ ഓവറുകൾ തുടങ്ങുന്നതിന് നടപടി

2965 ശ്രീ. ബെന്നി ബഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി-അരൂർ ബൈപ്പാസിൽ പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ സ്ഥലങ്ങളിൽ പുതിയ ഫ്ളൈ ഓവറുകൾ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കൃഷ്ണപുരം കൊട്ടാരത്തിലേക്കുള്ള ദൂരം കാണിക്കുന്ന സൈൻ ബോർഡുകൾ സ്ഥാപിക്കാൻ നടപടി</u>

T. 2966 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ മുതൽ കൊല്ലം വരെയുള്ള ദേശീയപാതയിൽ കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലേക്കുള്ള ദൂരം കാണിക്കുന്ന സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉപയോഗശൂന്യമായ ശുദ്ധജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി</u>

2967 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടപ്ര-വീയപുരം ലിങ്ക് ഹൈവേയുടെ നിർമ്മാണത്തിനിടയിൽ ശുദ്ധജല വിതരണ പൈപ്പുകൾ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകൾ</u>

2968

ശ്രീ. വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുന്നതിന് ലോകബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത വായ്പകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എത്ര കിലോമീറ്റർ റോഡാണ് അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സുരക്ഷാ ഇടനാഴികൾ</u>

2969 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളെ സുരക്ഷാ ഇടനാഴിയാക്കി നിശ്ചയിച്ച് മാനദണ്ഡങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത റോഡുകളിൽ എന്തെല്ലാം ലോകോത്തര സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിക്ക് ലോകബാങ്ക് സഹായം ലഭ്യമാണോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

പ്ലാസ്റ്റിക്ക് മിശ്രിത റോഡുകൾ

2970 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും നാറ്റ്പാക്കിന്റെയും സാങ്കേതിക സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് പ്ലാസ്റ്റിക്ക് മിശ്രിത റോഡുകൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചത് ഏത് വർഷമാണ്; എത്ര ദൈർഘ്യത്തിൽ ഇപ്രകാരം റോഡുകൾ നിർമ്മിച്ചു; ആയത് വിജയകരമായിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക്ക് ഉപയോഗിച്ചു നിർമ്മിച്ച റോഡുകൾക്ക് മറ്റു സാധാരണ റോഡുകളെക്കാൾ എത്രത്തോളം ഈടുനില്പ് ഉണ്ടായിരുന്നു; വ്യക്തമാക്കുമോ;

(സി) പ്ലാസ്റ്റിക്ക് ഉപയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ നിർമ്മാണത്തെക്കുറിച്ച് പഠനവും ഗവേഷണവും ആരംഭിച്ചത് ഏതു വർഷമാണ്; പ്രസ്തുത പഠനത്തിന് നേതൃത്വം കൊടുക്കുന്ന ഏജൻസി ഏതാണ്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

2971 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമരത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ സർക്കാർ നാദാപുരം നിയോജക മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമീണ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഇനിയും പണി ആരംഭിച്ചിട്ടില്ലാത്ത റോഡുകളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ബൈപ്പാസ് നിർമ്മാണം</u>

2972 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പി. ക്യു കഴിഞ്ഞിട്ടുണ്ടോയെന്നും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഏതുകമ്പനിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്നറിയിക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിന്റെ വിശദാംശങ്ങൾ</u>

2973 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിന് എന്തു തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന് സംസ്ഥാന സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പണിയുടെ ടെണ്ടർ ആർക്കാണ് അനുവദിച്ചതെന്നും ടെണ്ടർതുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം എന്നത്തേക്ക് തീർക്കുവാനാണ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി ആലപ്പുഴ ബീച്ചിൽ മുഴുവൻ ഭാഗത്തും എലവേറ്റഡ് ഹൈവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>എഴുപുന്ന-കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം</u>

2974 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഴുപുന്ന-കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുതറോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ;

(സി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന തിനുള്ള സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ആറ്റാലക്കടവ് പാലത്തിന്റെയും കാക്കയൂർ - പല്ലശ്ശന റോഡിന്റെയും നിർമ്മാണം

2975 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൻമാറ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ആറ്റാലക്കടവ് പാലത്തിന്റെയും കാക്കയൂർ- പല്ലശ്ശന റോഡിന്റെയും ടെൻഡർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പാണപ്പുഴ കണാരം വയൽ റോഡിന്റെ പുനർനിർമ്മാണം</u>

2976

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രധാന റോഡായ പാണപ്പുഴ കണാരംവയൽ റോഡിലെ ആലക്കാട് കൊച്ചുപള്ളി എന്ന സ്ഥലത്ത് റോഡ് ഇടിഞ്ഞ് കിടക്കുന്നതിനാൽ ഗതാഗതം തടസ്സപ്പെടുന്നുവെന്നത് സംബന്ധിച്ച് നല്കിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മഴക്കാലത്തിനു മുമ്പുതന്നെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പൊന്നാനി ടി. ബി.- കച്ചേരിപ്പടി റോഡിന്റെ നിർമ്മാണം</u>

2977 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പൊന്നാനി ടി. ബി.- കച്ചേരിപ്പടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് തകർന്നുകിടക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നറിയിക്കുമോ;

(ഡി) കാലവർഷം തുടങ്ങുന്നതിനുമുൻപ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ചാലക്കുടിയിലെ റെയിൽവേ അണ്ടർപ്പാസിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

2978

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ റെയിൽവേ അണ്ടർപ്പാസ് നിർമ്മാണം പൂർത്തിയാകാറായ സാഹചര്യത്തിൽ അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കോങ്ങാട് മണ്ഡലത്തിലെ റോഡുകള്‍ സഞ്ചാര യോഗ്യമാക്കുന്നതിന് നടപടി</u>

2979 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

രണ്ടു വര്‍ഷമായി അറ്റകുറ്റപ്പണികളൊന്നും നടത്താത്ത കോങ്ങാട് മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകള്‍ സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ചീക്കല്ലൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി

2980

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ചീക്കല്ലൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ ഒഴിവായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>തൃക്കടാരിപ്പൊയിൻ - ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണം</u>

2981 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തിക്ക് എത്ര രൂപയുടെ ഭരണാനുമതിയാണു നൽകിയതെന്നും ആയത് എന്നാണു നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തത് എന്നാണെന്നും കരാർ ഒപ്പു വെച്ചത് എന്നാണെന്നും വ്യക്തമാക്കുമോ;

(സി) എഗ്രിമെന്റ് പ്രകാരം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കേണ്ടതെപ്പോഴാണ് എന്നറിയിക്കുമോ;

(ഡി) മൂന്നു മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകും എന്ന് 14.6.2012-ൽ നിയമസഭയിൽ നൽകിയ ഉറപ്പ് ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് മണ്ഡലം എം.എൽ.എ നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(എഫ്) കരാറുകാരൻ പ്രസ്തുത പ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുവാനും ഇല്ലായ്മ ചെയ്യുവാനും നടത്തുന്ന നീക്കങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ജി) കരാറുകാരൻ കോടതിയെ സമീപിച്ചിട്ടുണ്ടെങ്കിൽ കരാറുകാരന്റെ കരാർ ലംഘനം കോടതിയെ ബോദ്ധ്യപ്പെടുത്തി കരാർ റദ്ദു ചെയ്യുവാനും പ്രസ്തുത പ്രവൃത്തി അടിയന്തിരമായി ചെയ്തു തീർക്കുവാൻ ഏതെങ്കിലും സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നറിയിക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>ഹോസ്ദുർഗ്ഗ് - പാണത്തൂർ റോഡുവികസനം</u>

2982 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയുടെ നേതൃത്വത്തിൽ എത്ര കിലോമീറ്റർ റോഡാണ് വികസിപ്പിക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) കാസർകോട് ജില്ലയിലെ ഹോസ്ദുർഗ്ഗ് പാണത്തൂർ റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ആയതിന്റെ എന്തെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത റോഡ് ഏത് രീതിയിലാണ് വികസിപ്പിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ചെങ്ങന്നൂർ മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

2983 ശ്രീ.പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിൽവരുന്ന റോഡുകളുടെ പേരുകൾ, നീളം, വീതി എന്നിവ സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയവയും നടത്തുവാനുള്ളവയും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) 2012-2013 സാമ്പത്തിക വർഷത്തിൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി എന്തുതുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കുണ്ടറ മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത റോഡുകൾ</u>

2984 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കിലോമീറ്റർ റോഡ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തിട്ടുണ്ട്;

(ബി) കുണ്ടറ മണ്ഡലത്തിലെ എത്ര റോഡുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്;

(സി) കുണ്ടറ മണ്ഡലത്തിലുള്ള ഒരു റോഡുപോലും ഏറ്റെടുത്തിട്ടില്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം</u>

2985

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടെണ്ടർ കമ്മിറ്റി തലത്തിൽ പുരോഗമിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) താലൂക്കാശുപത്രി കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(സി) ടെണ്ടർ നടപടി പൂർത്തിയാവുമ്പോഴേക്കും പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>മട്ടാഞ്ചേരി പാലത്തിലെ ടോൾ പിരിവ്</u>

2986

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി പാലത്തിലെ ടോൾ പിരിവ് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എന്നുവരെ പിരിക്കുവാനുള്ള കരാറാണ് നൽകിയിരുന്നതെന്നറിയിക്കുമോ ;

(ബി) പ്രസ്തുത കരാർ ഇടയ്ക്കുവച്ച് അവസാനിപ്പിക്കുന്നതിന് എത്ര രൂപ നഷ്ടപരിഹാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(സി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പ്രസ്തുത കരാർ പ്രകാരം എത്ര ലക്ഷം രൂപയാണ് പിരിച്ചെടുത്തത് എന്നറിയിക്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പെരുമ്പളം-വട്ടവയൽ-പൂന്തോട്ടം പാലം</u>

2987 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ബ്രിഡ്ജസ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പെരുമ്പളം-വട്ടവയൽ-പൂന്തോട്ട പാലത്തിന്റെ ആകെ നിർമ്മാണച്ചെലവ് എത്ര രൂപയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുതപ്രവൃത്തിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചതിൻപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ, എത്ര തുകയുടെ ഭരണാനുമതിയാണു നൽകിയിട്ടുള്ളത്;

(ഡി) പ്രസ്തുതപാലത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുതപാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>അഴീക്കോട് മുനമ്പം പാലം നിർമ്മാണം</u>

2988 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തെയും, വൈപ്പിൻ നിയോജക മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണത്തിന് മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠനത്തിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഏജൻസിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ;

(ഇ) പ്രസ്തുത പാലം നിർമ്മാണം സംബന്ധിച്ച മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഒളമ്പക്കടവ് പാലം</u>

2989

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബിയ്യം കായലിന് കുറുകെ മാറഞ്ചേരി വടമുക്കില്‍ നിന്നും, കോലൊളമ്പിലേക്കുള്ള "ഒളമ്പക്കടവ് പാലം" യാഥാര്‍ത്ഥ്യമാകാത്തതിനാല്‍ ജനങ്ങള്‍ക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂര്‍ ആല്‍ത്തറ സ്റ്റേറ്റ് ഹൈവേയില്‍ നിന്ന് തൃശൂര്‍ - കോഴിക്കോട് സ്റ്റേറ്റ് ഹൈവേയിലേക്കുള്ള എളുപ്പവഴിയായ പ്രസ്തുത പാലം ജനങ്ങള്‍ക്ക് ഏറെ പ്രയോജനപ്രദമാണെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ബജറ്റില്‍ ടോക്കണ്‍ പ്രൊവിഷന്‍ നല്‍കിയിട്ടുള്ള പ്രസ്തുത പാലം യാഥാര്‍ത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം</u>

2990 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതുമായ പാലങ്ങൾ ഏതെല്ലമാണെന്ന് വിശദമാക്കുമോ;

(ബി) അകലാപ്പുഴ പാലം നിർമ്മാണത്തിന്റെ അലൈൻമെന്റ് അംഗീകരിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

''ആളം'' പാലത്തിന്റെ നിർമ്മാണ പുരോഗതി

2991 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ആളം പാലത്തിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിക്ക് തടസ്സമുണ്ടാക്കും വിധം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് അലംഭാവം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) 2011-ൽ ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തത് എന്ത്കൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

അഴീക്കൽ, പെരിഞ്ചേരിക്കടവ് പാലങ്ങൾ

2992 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അഴീക്കൽ, പെരിഞ്ചേരിക്കടവ് പാലങ്ങളുടെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിക്കും എത്ര തുക വീതം ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കടിയങ്ങാട് പാലം പുതുക്കിപ്പണിയാൻ നടപടി</u>

2993 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കടിയങ്ങാട് പാലം പുതുക്കിപ്പണിയാൻ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഏതു സാമ്പത്തികവർഷമാണ് തുക വകയിരുത്തിയതെന്നും, എത്ര തുക വകയിരുത്തിയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുതപാലം നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുതപാലം നിർമ്മാണം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുതപ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>എടത്തറക്കാവ് പാലം നിർമ്മാണം</u>

2994 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിപ്പുഴയിൽ മേലൂർ-പരിയാരം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന എടത്തറക്കാവ് പാലം നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ പാലം നിർമ്മാണപ്രവൃത്തികൾ</u>

2995 ശ്രീമതി അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കൽച്ചിറപ്പള്ളിപ്പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ചെട്ടിയാരഴികത്ത് പാലം നിർമ്മാണത്തിനായുള്ള മണ്ണുപരിശോധനാഫലം ലഭ്യമായിട്ടുണ്ടോയെന്നും പ്രസ്തുത പാലം നിർമ്മാണത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പ്രസ്തുത പാലം നിർമ്മാണത്തിനനുവദിച്ചിട്ടുള്ള തുക എത്രയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ തെങ്ങാംപുഴ പാലം നിർമ്മാണത്തിനായുള്ള മണ്ണുപരിശോധനയുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്നും ആയതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

വണ്ണാത്തിക്കടവ് പാലം പുതുക്കി പണിയാൻ നടപടി

2996 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡിൽ സ്ഥിതിചെയ്യുന്ന 50 വർഷത്തിലേറെ പഴക്കമുള്ള 'വണ്ണാത്തിക്കടവ്' പാലം പുതുക്കിപ്പണിയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ മധുപാലം നിര്‍മ്മിക്കുന്ന നടപടി</u>

2997 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആസ്തിവികസന ഫണ്ടില്‍ ഉള്‍പ്പെടുത്തി നേമം നിയോജകമണ്ഡലത്തിലെ മധുപാലം നിര്‍മ്മിക്കുന്നതു സംബന്ധിച്ചുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) എം.എല്‍.എ. മാര്‍ ആസ്തി വികസന ഫണ്ടില്‍ ഉള്‍പ്പെടുത്തി നിര്‍ദ്ദേശിക്കുന്ന പൊതുമരാമത്തു പ്രവൃത്തികള്‍ നടപ്പു സാമ്പത്തിക വര്‍ഷം തന്നെ ആരംഭിക്കണമെന്ന് എന്ന് പൊതുമരാമത്ത് വകുപ്പ് നിഷ്ക്കര്‍ഷിക്കുന്നുണ്ടോ; എങ്കില്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കക്കാട്ടുകടവിലെ പാലം നിർമ്മാണം</u>

2998 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കക്കാട്ടുകടവിൽ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 24.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.